പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 619

02.04.2018 - ൽ മറുപടിക്ക്.

## വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനം

ചോദ്യം

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. ഇ. പി. ജയരാജൻ

ശ്രീ. കെ. ആൻസലൻ

ശ്രീ. എം. രാജഗോപാലൻ

മറുപടി

ശ്രീ. എ. സി. മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

| | |
|---|---|
| (എ) സംസ്ഥാനത്തിന്റെ വ്യവസായ വികസനം ലക്ഷ്യമാക്കി ആരംഭിച്ച വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനം ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) : ഉണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ അധീനതയിൽ സംസ്ഥാനത്ത് 2443 ഏക്കർ ഭൂമിയിലായി 38 ഡെവലപ്പ്മെന്റ് പ്ലോട്ടുകൾ/ഡെവലപ്പ്മെന്റ് ഏരിയകൾ ഉണ്ട്. ഇതിൽ 2014.91 ഏക്കർ ഭൂമി വിവിധ സംരംഭകർക്കായി വ്യവസായം നടത്തുന്നതിനായി അനുവദിച്ച നൽകിയിട്ടുണ്ട്. ഈ എസ്റ്റേറ്റുകളിലായി 2166 സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതുവഴി 41917 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇവയിൽ അനന്തപുരം, കട്ടിപ്പാറ, വരവൂർ എന്നിവിടങ്ങളിൽ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.<br>ഓരോ വ്യവസായ എസ്റ്റേറ്റിന്റെയും പ്രവർത്തനം നിയന്ത്രിക്കുന്നത് എസ്റ്റേറ്റ് ഓഫീസർമാരാണ്. എസ്റ്റേറ്റുകളുടെ പ്രവർത്തനത്തെ കുറിച്ച് എസ്റ്റേറ്റ് ഓഫീസർമാർ ദ്വൈവാര റിപ്പോർട്ട് ലഭ്യമാക്കുന്നുണ്ട്. ഇവ വിലയിരുത്തി എസ്റ്റേറ്റുകളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുന്നുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ അധീനതയിലുള്ള ഏരിയ/പ്ലോട്ടുകളുടെ സർവ്വേ നടത്തുന്നതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്.<br>വ്യവസായ വകുപ്പിന്റെ പൊതു മേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ 315 ഏക്കർ ഭൂമിയിലായി 17 മേജർ വ്യവസായ എസ്റ്റേറ്റുകളും, 36 |

| | | | |
|---|---|---|---|
| | | | മിനി വ്യവസായ എസ്റ്റേറ്റുകളും 7 വ്യവസായ പാർക്കുകളും ഉണ്ട്. ഇവിടങ്ങളിലായി 1426 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 7000 തൊഴിലവസരങ്ങൾ ഇവിടെ ലഭ്യമാകുന്നുണ്ട്. |
| (ബി) | വ്യവസായ എസ്റ്റേറ്റുകളിൽ വിവിധ കാലഘട്ടങ്ങളിൽ വ്യത്യസ്ത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി കരാർ പ്രകാരം നൽകിയ ഭൂമിയും വസ്തുവകകളും പ്രവർത്തന രഹിതമായ സ്ഥാപനങ്ങളിൽ നിന്നും തിരികെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) : | ഉണ്ട്. അനുവദിക്കപ്പെട്ട സ്ഥലം യഥാവിധി ഉപയോഗപ്പെടുത്താത്ത സാഹചര്യം ഉണ്ടാകുന്നപക്ഷം നിയമാനുസരണം തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഉപയോഗപ്പെടുത്താത്ത ഭൂമി തിരിച്ചെടുക്കുന്ന മുറയ്ക്ക് പുതിയ അപേക്ഷകൾക്ക് മുൻഗണനാക്രമത്തിൽ നൽകി വരുന്നു. |
| (സി) | നവസംരംഭകർക്ക് ചെറുകിട സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രസ്തുത എസ്റ്റേറ്റുകളിൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഇത് സംബന്ധിച്ച നടപടികൾ സുതാര്യമാക്കുന്നതിനും അടിയന്തര നിർദ്ദേശം നൽകുമോ എന്ന് അറിയിക്കാമോ ? | (സി) : | ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.